# പതിമൂന്നാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത** 11.03.2015 ലെ മറുപടിക്ക്

**ചോദ്യം നം 1026**

## കുറ്റ്യാടി മണ്ഡലത്തിലെ ലോകനാർകാവ്, പയംകുറ്റിമല ടൂറിസം പദ്ധതികൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി. കെ.കെ.ലതിക** | | **ശ്രീ. എ.പി.അനിൽകുമാർ (പട്ടികജാതി - പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി)** | |
| എ) | കുറ്റ്യാടി മണ്ഡലത്തിലെ ലോകനാർകാവ്, പയംകുറ്റിമല ടൂറിസം പദ്ധതികൾക്ക് നാളിതു വരെ ടൂറിസം വകുപ്പ് എത്ര തുക ചെലവഴിച്ചുവെന്ന് വ്യക്തമാക്കുമോ; | എ) | കുറ്റ്യാടി മണ്ഡലത്തിലെ ലോകനാർകാവ്, പയംകുറ്റിമല ടൂറിസം പദ്ധതികൾക്ക് അനുവദിച്ച തുകയുടെ വിശദവിവരം ചുവടെ ചേർക്കുന്നു:<br>1. പയംകുറ്റിമല ടൂറിസം പദ്ധതി -15 ലക്ഷം രൂപ<br>2. ലോകനാർ കാവ് പദ്ധതി - 1 കോടി 25 ലക്ഷം രൂപ |
| ബി) | എന്തെല്ലാം പദ്ധതികളാണ് പ്രസ്തുത കേന്ദ്രങ്ങളിൽ നടപ്പാക്കിയിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ; | ബി) | പയംകുറ്റിമല ടൂറിസം പദ്ധതിയുടെ ഭാഗമായി സ്റ്റേജ്, അമിനിറ്റി സെന്റർ, ഒബ്സർവേഷൻ ടവർ എന്നിവയാണ് നിർമ്മിച്ചിട്ടുള്ളത്. പൊതുമരാമത്ത് വകുപ്പ് വഴി നിർവ്വഹണം നടത്തുന്ന ലോകനാർകാവ് പദ്ധതിയുടെ പ്രവർത്തനം പുരോഗമിച്ചുവരുന്നു. |
| സി) | പ്രസ്തുത ടൂറിസ്റ്റ് കേന്ദ്രങ്ങളുടെ വികസനത്തിനായി എന്തെല്ലാം പ്രവർത്തികൾ കൂടുതലായി നടപ്പാക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ? | സി) | ഇപ്പോൾ പരിഗണനയിലില്ല. |

**സെക്ഷൻ ഓഫീസർ**